**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5390** **03-11-2021 - ല്‍ മറുപടിയ്ക്ക്**

**സ്റ്റാര്‍ട്ടപ്പുകളുടെ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്റ്റാര്‍ട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാന്‍ ചെയ്തുവരുന്ന കാര്യങ്ങള്‍ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്റ്റാര്‍ട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി സംസ്ഥാന സര്‍ക്കാര്‍ കേരള സ്റ്റാര്‍ട്ടപ്പ് മിഷനിലൂടെ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്റ്റാര്‍ട്ടപ്പുകള്‍ക്കായി നടത്തുന്ന പരിപാടികളും നല്കുന്ന സഹായങ്ങളും താഴെ പറയുന്നവയാണ്: 1. പ്രചാരണ സഹായം 2. ഇങ്കുബേഷനുള്ള സഹായം 3. വിജ്ഞാന / നൈപുണ്യ വികസനം 4. ആക്സിലറേറ്ററുകള്‍ 5. ഫണ്ടിംഗ് & എന്റര്‍പ്രൈസ് ഡവലപ്മെന്റ് 6. പ്രോഡക്റ്റൈസേഷന്‍ / മാര്‍ക്കറ്റിംഗ് 7. എക്സ്ചേഞ്ചസ് & ഗ്ലോബല്‍ ഇമേര്‍ഷന്‍സ് 8. റിസര്‍ച്ച് ഇന്നവേഷന്‍ പ്രോഗ്രാം 9. വനിതാ സംരംഭകത്വ സ്റ്റാര്‍ട്ടപ്പ് പ്രോഗ്രാം മേല്‍പ്പറഞ്ഞ ഘടകങ്ങളിലൂടെ സാങ്കേതികത്വത്തിലും സംരംഭകത്വത്തിലും പ്രോത്സാഹനം നല്‍കി വിജയകരമായ സ്റ്റാര്‍ട്ടപ്പുകളെ സൃഷ്ടിക്കുന്നതുമുതല്‍ സംരംഭകത്വത്തിന്റെ വളര്‍ച്ചയ്ക്കായി സാമ്പത്തിക സഹായം, വിദഗ്ധ മെന്ററിംഗ്, വിപണനത്തിനുള്ള സഹായം, വിജ്ഞാനവും നൈപുണ്യവും വികസിപ്പിക്കുന്നതിനുള്ള സഹായം എന്നിവയും നല്‍കി വരുന്നുണ്ട്. |
| (ബി) | കേരളത്തില്‍ രജിസ്റ്റര്‍ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാര്‍ട്ടപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | കേരള സ്റ്റാര്‍ട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി ലഭിക്കുന്നതിനായി രജിസ്റ്റര്‍ ചെയ്ത സ്റ്റാര്‍ട്ടപ്പുകളുടെ ജില്ലതിരിച്ചുള്ള കണക്ക് താഴെപ്പറയും പ്രകാരമാണ്. തിരുവനന്തപുരം 372 കൊല്ലം 59 പത്തനംതിട്ട 25 ആലപ്പുഴ 41 കോട്ടയം 65 ഇടുക്കി 19 എറണാകുളം 580 തൃശ്ശൂര്‍ 87 പാലക്കാട് 34 മലപ്പുറം 57 കോഴിക്കോട് 137 വയനാട് 17 കണ്ണൂര്‍ 56 കാസറഗോഡ് 26 ആകെ 1575 |
| (സി) | വിദേശ ഓര്‍ഡറുകള്‍ ലഭിക്കുന്ന സ്റ്റാര്‍ട്ടപ്പുകള്‍ക്ക് | (സി) | വിദേശ ഓര്‍ഡറുകള്‍ ലഭിക്കുന്ന സ്റ്റാര്‍ട്ടപ്പുകള്‍ക്ക് |

| | | | |
|---|---|---|---|
| | പ്രത്യേക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | പ്രത്യേകമായി സഹായം നൽകുന്ന പദ്ധതി നിലവിലില്ല. |
| (ഡി) | പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾക്കായി ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ഡി) | പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിന് ആവശ്യമായ കമ്പനി രജിസ്ട്രേഷൻ, സ്റ്റാർട്ടപ്പ് ഇന്ത്യയുടെ രജിസ്ട്രേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ യുണീക്ക് ഐഡി എന്നിവ കാലതാമസം കൂടാതെ ലഭ്യമാകുന്നതിന് വേണ്ട സഹായം നൽകി വരുന്നുണ്ട്. |
| (ഇ) | സ്റ്റാർട്ടപ്പ് സംരംഭകർക്ക് ആവശ്യമായ അനുമതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ? | (ഇ) | സ്റ്റാർട്ടപ്പ് സംരംഭം ആരംഭിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതി ആവശ്യമില്ല. എന്നാൽ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അത് ആവശ്യമായി വരുന്ന പക്ഷം ലഭിക്കുന്നതിന് ഏകജാലക സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ